കേരള സർക്കാർ

നം.41/ആർ.സി.2/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി, 07/03/2018

## പരിപത്രം

**വിഷയം: ബോർഡുകൾ/ബാനറുകൾ/ ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ — സംബന്ധിച്ച്.**

സംസ്ഥാനത്തൊട്ടാകെ വിവിധ രാഷ്ട്രീയപാർട്ടികളും സംഘടനകളും പരസ്യ ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതായും ഇവ റോഡിലേക്ക് തള്ളി നിൽക്കുന്നതായും അതുവഴി അപകടങ്ങൾ ഉണ്ടാകുന്നതായും രാഷ്ട്രീയ പാർട്ടികൾ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ എതിർകക്ഷിക്കാർ തകർക്കുകയും അത് സംഘട്ടനത്തിനും അക്രമത്തിനും പ്രദേശത്തെ സമാധാന അന്തരീക്ഷം കലുഷിതമാകുന്നതിനും കാരണമാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ തുടങ്ങിയവ പഞ്ചായത്ത് സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. 1994 ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 275 പ്രകാരം അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ തുടങ്ങിയവ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്.

വ്യക്തികൾ / സ്ഥാപനങ്ങൾ / സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

കൂടാതെ പരസ്യ ബോർഡുകൾ / ഹോർഡിങ്ങുകൾ / ബാനറുകൾ എന്നിവ സ്ഥാപിക്കുന്ന സംഘടനകൾ / വ്യക്തികൾ / സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ചട്ടപ്രകാരം അനുമതി വാങ്ങിയിട്ടുണ്ടോ എന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

ടി .കെ .ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്- വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ